നമ്പർ: 41442/ഇ.ഐ.1/2019 25.02.2020

# തിരുത്തൽ വിജ്ഞാപനം

സർവകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരുന്ന മോഡറേഷനോട് കൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് 30/04/2019-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ഇനം നമ്പർ ഒ.എ.28/19.03 പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17/05/2019-ന് 2085/ഇ.ഐ.1/2019/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

30/04/2019-ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരവും 17/05/2019-ലെ സർവകലാശാലാ ഉത്തരവിന്റെ അടിസ്ഥാനത്തിലും 118 വിദ്യാർത്ഥികൾ ബി.ടെക് പരീക്ഷ വിജയിച്ചതായി പ്രഖ്യാപിക്കുകയുണ്ടായി.

പിന്നീട് 24/10/2019-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ഇനം നം.1/19.09 പ്രകാരം 2019 ഏപ്രിൽ 30-ന് ഒ.എ.28/19.03 നമ്പർ പ്രകാരം എടുത്ത നയപരമായ തീരുമാനം പിൻവലിക്കുവാനും തദനുസരണം 17/05/2019-ന് പുറപ്പെടുവിച്ച 2085/ഇ.ഐ.1/2019/എം.ജി.യു. നമ്പർ സർവകലാശാലാ ഉത്തരവ് റദ്ദ് ചെയ്യുവാനും തീരുമാനിച്ചിരുന്നു. പ്രസ്തുത സർവകലാശാലാ ഉത്തരവ് പ്രകാരം ബി.ടെക് പരീക്ഷ വിജയിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള 118 വിദ്യാർത്ഥികളുടെ പരീക്ഷാഫലം റദ്ദ് ചെയ്തുകൊണ്ട് 29.11.2019 ൽ 41442/EI 1/2019 നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

പിന്നീട്, 29.11.2019-ലെ 41442/EI 1/2019 നമ്പർ വിജ്ഞാപനപ്രകാരം പരീക്ഷാഫലം റദ്ദ് ചെയ്യപ്പെട്ട 118 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള **SREEDEVI D.S., (PRN: 12008989)** എന്ന വിദ്യാർത്ഥിനി (വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ച അനുബന്ധ പട്ടികയിലെ ക്രമ നമ്പർ 5) സിൻഡിക്കേറ്റ് നൽകിയ അധിക മോഡറേഷൻ ലഭിക്കാതെ തന്നെ മെയ് 2018-ലെ നാലാം സെമസ്റ്റർ ബി.ടെക് പരീക്ഷ പുനർ മൂല്യനിർണ്ണയത്തിലൂടെയും **TOM VARGHESE, (PRN: 14026409)** എന്ന വിദ്യാർത്ഥി (വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിച്ച അനുബന്ധ പട്ടികയിലെ ക്രമ നമ്പർ 9) സിൻഡിക്കേറ്റ് നൽകിയ അധിക മോഡറേഷൻ ലഭിക്കാതെ തന്നെ ഡിസംബർ 2018-ലെ അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷ വിജയിച്ചിട്ടുള്ളതായും കണ്ടെത്തി. പ്രസ്തുത വിദ്യാർത്ഥികൾ സിൻഡിക്കേറ്റ് മോഡറേഷനോട് കൂടി വിജയിച്ച എന്ന രീതിയിൽ 29.11.2019-ലെ 41442/EI 1/2019 നമ്പർ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുകയും അവരുടെ പരീക്ഷാഫലം റദ്ദു ചെയ്യുകയും ചെയ്തിരുന്നു.

എന്നാൽ അധിക മോഡറേഷൻ ഇല്ലാതെ തന്നെ ബി.ടെക്. പരീക്ഷ വിജയിച്ച **SREEDEVI D.S., (PRN: 12008989), TOM VARGHESE, (PRN: 14026409)** എന്നീ വിദ്യാർത്ഥികളുടെ പരീക്ഷാഫലം തെറ്റായി റദ്ദ് ചെയ്യുകയായിരുന്നു എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത വിദ്യാർത്ഥികളെ 29.11.2019-ലെ 41442/EI 1/2019 നമ്പർ വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട്, പ്രസ്തുത വിദ്യാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട മെയ് 2018, ഡിസംബർ 2018 എന്നീ മാസങ്ങളിലെ പരീക്ഷാഫലം നിലനിർത്തി പുനർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

26/2/2020

പരീക്ഷാ കൺട്രോളർ